ഉത്തരം

(എ) കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് ഒഴികെ വ്യവസായ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 59 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഉണ്ടായിരുന്നു.

(ബി) ലാഭത്തിൽ പ്രവർത്തിച്ചിരുന്നവ - 25 എണ്ണം

നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നവ - 34 എണ്ണം

(സി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ഈ സർക്കാർ സ്വീകരിച്ച പ്രവർത്തനങ്ങളുടെ ഫലം അറിയാൻ കുറച്ചു കൂടി സമയം ആവശ്യമായിവരുമെന്നുള്ളതു കൊണ്ട് ഈ പ്രവർത്തനങ്ങളുടെ ഫലമായി എത്ര സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ കഴിയുമെന്ന് ഇപ്പോൾ കണക്കാക്കുവാൻ സാധിക്കുകയില്ല.

35 (537) കശുവണ്ടിയുടെ കുത്തക സംഭരണം

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീ. വി.ജെ. പൗലോസ് :

ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടിയുടെ കുത്തക സംഭരണം നടത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്നത്തേയ്ക്ക് കുത്തക സംഭരണം ആരംഭിക്കുമെന്ന് അറിയിക്കുമോ;

(സി) കശുവണ്ടിയുടെ കുത്തക സംഭരണം ആരംഭിക്കാത്ത പക്ഷം അതിനുള്ള കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) സംസ്ഥാനത്ത് കശുവണ്ടിയുടെ കുത്തക സംഭരണം പുനരാരംഭിക്കുന്നതിന് പുതിയ നിയമനിർമ്മാണം ആവശ്യമാണ്. ഇതു സംബന്ധിച്ച നിയമപരമായും സാമൂഹ്യപരമായുമുള്ള വിവിധവശങ്ങൾ പരിശോധിച്ച് കർഷകരുടെ കൂടി സഹകരണത്തോടെ കുത്തക സംഭരണം ഏർപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. ഇക്കാര്യം സംബന്ധിച്ച് കശുമാവ് കർഷകരുടെ വിവിധ സംഘടനകളുമായി സർക്കാർ പലവട്ടം ചർച്ചകൾ നടത്തിയെങ്കിലും കർഷക സംഘടനകൾ അനുകൂലമായ നിലപാടല്ല സ്വീകരിച്ചിട്ടുള്ളത്.

36 (538) ബാംബൂ കോർപ്പറേഷൻ ഡിപ്പോകളിലെ പീസ് റേറ്റ് വർക്കർമാർ

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly